"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പ്- ജീവനക്കാര്യം-ഡോ. ശ്രീകാന്ത്.പി, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ)- നിയമനം- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2994/2025/H&FWD തീയതി,തിരുവനന്തപുരം, 03-10-2025

---

പരാമർശം:-

1. ഡോ.വിവേക് സ്റ്റീഫൻ, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) ബഹു.കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA (EKM) 750/2025 മേലുള്ള 03-06-2025 തീയതിയിലെ ഉത്തരവ്
2. 19-09-2025 ലെ സ.ഉ (സാധാ) നം. 2861/2025/H&FWD
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 20-09-2025 തീയതിയിലെ ഇ ബി 1-9513/2025/ആവഡ നമ്പർ കത്ത്

ഉത്തരവ്

ആരോഗ്യ വകുപ്പിലെ ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) വിഭാഗം മെഡിക്കൽ ഓഫീസർമാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ഡോ. വിവേക് സ്റ്റീഫൻ ബഹു:ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്തിരുന്ന OA (EKM) 750/2025 മേലുള്ള ബഹു. ട്രൈബ്യൂണലിന്റെ പരാമർശം (1) ഉത്തരവ് അനുവർത്തനം ചെയ്ത് പുറപ്പെടുവിച്ച പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ഡോ.വിവേക് സ്റ്റീഫനെ തൊടുപുഴ ജില്ലാ ആശുപത്രിയിലേയ്ക്ക് മാറ്റി നിയമിച്ച തീരുമാനം അസാധുവാക്കുകയും ഡോ.വിവേക് സ്റ്റീഫൻ-ന് ആലുവ ജില്ലാ ആശുപത്രിയിൽ തുടരുന്നതിന് അനുമതി നൽകുകയും ചെയ്തിരുന്നു.

2. എന്നാൽ OA(EKM) 750/2025 -ലെ എതിർകക്ഷിയായിരുന്ന ആലുവ ജില്ലാ ആശുപത്രിയിലേയ്ക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ സ്ഥലംമാറ്റി നൽകി നിയമിച്ച ഡോ.ശ്രീകാന്ത് പി -യുടെ നിയമനം സംബന്ധിച്ച് പരാമർശം (2) ഉത്തരവിൽ പരാമർശിച്ചിരുന്നില്ല. മേൽ സാഹചര്യത്തിൽ ഡോ ശ്രീകാന്ത് പി -യുടെ നിയമനത്തിൽ അവ്യക്തത നിലനിൽക്കുന്നതായും ആയത് സംബന്ധിച്ച് വ്യക്തത വരുത്തി നൽകണമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) വിഭാഗം മെഡിക്കൽ ഓഫീസർമാരുടെ സ്ഥലംമാറ്റത്തിൽ ഡോ.ശ്രീകാന്ത്.പി.-

.യുടെ ഒന്നാമത്തെ ഓപ്ഷൻ ആലുവ ജില്ലാ ആശുപത്രിയും രണ്ടാമത്തെ ഓപ്ഷൻ തൊടുപുഴ ജില്ലാ ആശുപത്രിയുമായിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം ഡോ.വിവേക് സ്റ്റീഫന് ആലുവ ജില്ലാ ആശുപത്രിയിൽ തുടരുന്നതിന് അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ ഡോ.ശ്രീകാന്ത് പി -യെ ടി മെഡിക്കൽ ഓഫീസറുടെ രണ്ടാമത്തെ ഓപ്ഷനായ ജില്ലാ ആശുപത്രി, തൊടുപുഴ-യിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ , തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), എറണാകുളം
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ഇടുക്കി
ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക്
(ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ (File No. A2/349/2025-HEALTH)

ഉത്തരവിൻ പ്രകാരം
Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 03-10-2025 16:25:48

**<u>മേലെഴുത്തു നം. ഇ.ബി1 -9513/2025/ആ.വ.ഡ തീയതി07-10-2025</u>**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 07-10-2025 11:23:25

ആരോഗ്യ വകുപ്പ് ഡയറക്ടർ